**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4510** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഉറുമി ജലവൈദ്യുത പദ്ധതിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത പദ്ധതിക്ക് പ്രകൃതി ക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത രണ്ടാം ഘട്ടം പദ്ധതിയിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>04.07.2023-ന് പ്രസ്തുത പദ്ധതിയുടെ പവർ ഹൌസ്സിന്റെ പുറകുവശത്തുനിന്നും 12 മീറ്റർ അകലെയായി പ്രധാന പെൻസ്റ്റോക്കിന്റെ 1.10 മീറ്റർ നീളത്തിലും 0.75 മീറ്റർ വീതിയിലുമുള്ള ഒരു ഭാഗം, പെൻസ്റ്റോക്ക് പൈപ്പിൽ ഉണ്ടായ അമിത മർദ്ദം മൂലം അടർന്ന് പോകുകയും അതിനെ തുടർന്ന് വൈദ്യുതി ഉല്പാദനം നിർത്തി വെക്കേണ്ടതായും വന്നു. പ്രസ്തുത പെൻസ്റ്റോക്ക് പൈപ്പ് പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ തകരാറുകൾ പരിഹരിക്കുന്നതിന് ഇലക്ട്രോ മെക്കാനിക്കൽ, സിവിൽ വിഭാഗങ്ങളിലായി ഏകദേശം 7,18,00,000/- ചെലവ് വരുമെന്നാണ് കണക്കാക്കി യിട്ടുള്ളത്. |
| (സി) | തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിലെ തകരാർ പരിഹരിക്കുന്നതിനായി ടെണ്ടർ വിളിച്ചു. വർക്ക് ഓർഡർ നൽകി. സിവിൽ വിഭാഗത്തിലെ പ്രവൃത്തികൾക്കായി ടെണ്ടർ നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ